**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1743** **16-10-2026-ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ പോഷകാഹാരക്കുറവ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

**മറുപടി:**

സംസ്ഥാനത്ത് കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതികൾ ചുവടെ ചേർക്കുന്നു.

1.പോഷകബാല്യം പദ്ധതി

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും പോഷക അപര്യാപ്തത മൂലം ഉണ്ടാകുന്ന ഭാരക്കുറവ്, വളർച്ച മുരടിക്കൽ എന്നിവ പരിഹരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തിച്ചേരുന്ന 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ രണ്ടു ദിവസം മുട്ടയും പാലും വിതരണം ചെയ്യുന്ന പോഷകബാല്യം പദ്ധതി നടപ്പാക്കി വരുന്നു. 2025-26 സാമ്പത്തിക വർഷം മുതൽ ആഴ്ചയിൽ 3 ദിവസം മുട്ട, 3 ദിവസം പാൽ എന്ന രീതിയിൽ പ്രസ്തുത പദ്ധതി വിപുലീകരിച്ചിട്ടുണ്ട്.

2. അനുപൂരക പോഷകാഹാര പദ്ധതി :

കേന്ദ്ര- സംസ്ഥാന പങ്കാളിത്തത്തോടെ ICDS വഴി ഈ പദ്ധതി നടപ്പിലാക്കിവരുന്നു. പോഷകാഹാര നിലവാരം ഉയർത്തുക, പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങളും അതുവഴിയുള്ള ശിശുമരണനിരക്കും മാതൃമരണനിരക്കും ഗണ്യമായി കുറയ്ക്കുക, വളർച്ചാ മുരടിപ്പ് തടയുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ ആറു മാസം മുതൽ ആറ് വയസുവരെയുള്ള കുട്ടികൾ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം ആറ്മാസം മുതൽ മൂന്ന് വയസുവരെയുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യമായ പ്രോട്ടീനും കലോറിയും അടങ്ങിയ അനുപൂരക പോഷകാഹാരം ഉറപ്പാക്കുന്നതിനായി Take Home Ration ആയി വീട്ടിൽ ഉപയോഗിക്കുന്നതിനായി വിതരണം ചെയ്യുന്നു. കൂടാതെ, 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ ശാരീരിക-മാനസിക വളർച്ചയ്ക്ക് ആവശ്യമായ സമീകൃതാഹാരം അംഗൻവാടികളിൽ വെച്ച് തന്നെ പാകം ചെയ്ത് ദിവസേന നൽകുന്നു.

3. ആദ്യ 1000 ദിന പരിപാടി:

അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശു മരണങ്ങളുടെ പശ്ചാത്തലത്തിൽ അട്ടപ്പാടി ICDS പ്രോജക്ടിൽ ആരംഭിച്ച 1000 ദിന പദ്ധതി നിലവിൽ സംസ്ഥാനത്താകെ മലയോര തീരദേശ മേഖലകളിൽപ്പെട്ട 57 ICDS പ്രോജക്ടുകളിൽ

നടപ്പിലാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും എല്ലാ മാസവും പ്രത്യേക ഫുഡ് (3 Kg/ month) വിതരണം നടത്തിവരുന്നുണ്ട്.

4. സ്കീം ഫോർ അഡോളസെന്റ് ഗേൾസ്:

കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി ആസ്പിറേഷണൽ ജില്ലയായ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള പെൺകുട്ടികൾക്ക് മാത്രമായി 2022-23 സാമ്പത്തിക വർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ന്യൂട്രിഷ്യൻ കമ്പോണന്റ് ഇനത്തിലും IFA supplementation, Health check-up and referral services, Nutrition & health education, skilling തുടങ്ങിയ നോൺന്യൂട്രിഷ്യൻ കമ്പോണന്റ് ഇനത്തിലുള്ള പ്രവർത്തനങ്ങളിലും ഉൾപ്പെടുന്നു. കേന്ദ്ര-സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി 600 കലോറിയും, 18-20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയന്റ്സും വർഷത്തിൽ 300 ദിവസം Take Home Ration ആയി നൽകുന്നതിന് നിഷ്കർഷിച്ചിരിക്കുന്നു. പദ്ധതിയുടെ ഭാഗമായി മാസത്തിൽ 25 ദിവസം ഒരു ഗുണഭോക്താവിന് 100 ഗ്രാം എന്ന കണക്കിൽ കേന്ദ്രസർക്കാരിൽ നിന്നും അനുവദിക്കുന്ന ഗോതമ്പ് ആട്ടയാക്കി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നുണ്ട്. കൂടാതെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി റാഗി, ശർക്കര എന്നിവയും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്നു.

**(ബി)** മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങളുടെ ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികളും അവയുടെ വിശദാംശവും നൽകുമോ;

**മറുപടി:** മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങളുടെ ക്ഷേമത്തിനു ഉൾപ്പെടെ നിലവിൽ എസ് സി പി എസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

* ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ ക്ഷേമം/ സംരക്ഷണം ഉറപ്പാക്കി സ്ഥാപന സംരക്ഷണം നല്കുന്നതിനായി സംസ്ഥാനത്ത് ആകെ 27 ചൈൽഡ് കെയർ സ്ഥാപനങ്ങൾ വനിതാ ശിശുവികസന വകുപ്പ് മുഖേന സർക്കാർ നേരിട്ട് നടത്തി വരുന്നു.

* സ്ഥാപനത്തിൽ വളരുന്ന കുട്ടികൾക്ക് പതിനെട്ടു വയസു പൂർത്തിയാകുന്നതോടെ സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തരാക്കുന്നതിനായി സംസ്ഥാനത്ത് 3 ആഫ്റ്റർകെയർ ഹോമുകളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു.

* ദത്തെടുക്കൽ (Adoption): ഒരു കുട്ടിയെ നിയമപ്രകാരം സ്വീകരിച്ചുകൊണ്ട്, സ്വന്തം കുട്ടിക്കുള്ള എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും ഉത്തരവാദിത്തങ്ങളും നൽകുന്നതിന് ലക്ഷ്യമിടുന്നു.

* കുടുംബത്തിൽ മതിയായ സംരക്ഷണം ലഭിക്കാത്തതും ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്നതുമായ കുട്ടികളെ ഗുണകരമായ കുടുംബാന്തരീക്ഷത്തിൽ പുനരധിവസിപ്പിക്കുക എന്നതാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ലക്ഷ്യം.

*വിജ്ഞാനദീപ്തി: വളരെ വിഷമകരമായ സാഹചര്യത്തിൽ കഴിയുന്ന കുട്ടികൾക്ക് സ്ഥാപനവാസം ഒഴിവാക്കി അവരുടെ കുടുംബങ്ങളിൽ തന്നെ കഴിയുന്നതിനായി ആവശ്യമായ സാമ്പത്തിക സഹായം നൽകി അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള പദ്ധതി. ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾക്ക് വരെ പ്രതിമാസം 2000/-രൂപ വീതം തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകുന്ന സംസ്ഥാന സർക്കാരിന്റെ പ്രത്യേക സ്പോൺസർഷിപ്പ് പദ്ധതിയാണ് വിജ്ഞാനദീപ്തി.

* കോവിഡ് മൂലം മാതാപിതാക്കൾ മരിച്ച കുട്ടികൾക്കുള്ള ധനസഹായ പദ്ധതി: കോവിഡ് മൂലം മാതാപിതാക്കൾ അല്ലെങ്കിൽ നിലവിലുള്ള ഏകരക്ഷിതാവ് മരണപ്പെടുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് അവരുടെ പഠനത്തിനും തുടർജീവിതത്തിനും ആവശ്യമായ സാമ്പത്തിക പഠന സഹായങ്ങൾ നൽകുന്നതിനാണ് ടി പദ്ധതി നടപ്പിലാക്കിയത്. ആയത് പ്രകാരം ഓരോ കുട്ടിയും

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 18 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് കൈമാറുന്ന തരത്തിൽ ഫിക്സഡ് ഡെപ്പോസിറ്റായി 3,00,000/- രൂപ നിക്ഷേപിക്കുകയും, പ്രതിമാസം 2000 രൂപ വീതം ഈ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനും മറ്റ് ജീവനോപാധികൾക്കുമായി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യും. കൂടാതെ ബിരുദതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിനും ലക്ഷ്യമിടുന്നു.

*സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതി: 2015 ലെ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ പരിചരണവും സംരക്ഷണവും) നിയമത്തിലെ സെക്ഷൻ 2 (58) പ്രകാരം, സ്പോൺസർഷിപ്പ് എന്നാൽ 'കുട്ടിയുടെ മെഡിക്കൽ, വിദ്യാഭ്യാസ, വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കുടുംബങ്ങൾക്ക് സാമ്പത്തികമായോ അല്ലാതെയോ അനുബന്ധ പിന്തുണ Medd' നൽകുന്നതിനായി, കുട്ടികൾക്ക് പ്രതിമാസം 4000/-രൂപ വരെ നൽകുന്ന സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.

**(സി)** നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം പട്ടികവർഗ്ഗ ഉന്നതികളിൽ പോഷകാഹാരക്കുറവ് കാരണമോ ഗർഭസ്ഥ ശിശുവിന്റെ അമ്മയുടെ വിളർച്ച കാരണമോ ഉള്ള ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണ് ഇവ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പോഷകാഹാരക്കുറവ് കാരണമോ ഗർഭസ്ഥ ശിശുവിന്റെ അമ്മയുടെ വിളർച്ച കാരണമോ ഉള്ള ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** ഭാവിയിൽ ഇത്തരം ശിശുമരണങ്ങൾ ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

**മറുപടി:** സംസ്ഥാനത്ത് ശിശുമരണങ്ങൾ ഇല്ലാതാക്കുവാൻ വകുപ്പ് മുഖേന ആദ്യ 1000 ദിന പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ അങ്കണവാടികളിലൂടെ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാരം നൽകി വരുന്നുണ്ട്. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും അനുപൂരക പോഷകാഹാരം നൽകുന്നതിന് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**